# MALAYALAM-(Code-012)
# MARKING SCHEME
# Class X (2025-26)

Std X

Time Allowed : 3 Hrs — Maximum Marks : 80

അനുവദിച്ച സമയം : 3 മണിക്കൂർ — ആകെ മാർക്ക് : 80

---

**എ വിഭാഗം [Section : A]**

**1. ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ എട്ടെണ്ണത്തിന് ഉത്തരമെഴുതുക.** [8x1=8]

1.(a) ഭാഷാപരമായും സാഹിത്യപരമായും വ്യത്യസ്തതകൾ പുലർത്തുന്ന ഈ മഹാരാജ്യത്ത് ജനങ്ങളെ ഒറ്റക്കെട്ടായി നിർത്തി ദേശീയോദ്ഗ്രഥനം സാധ്യമാക്കുന്നതിന് സഹായിക്കുന്നത് തർജ്ജമയാണ്.

1.(b) ഒരു ഡച്ച് ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് പരിഭാഷയെ ആസ്പദമാക്കി കേരള വർമ്മ വലിയകോയിത്തമ്പുരാൻ തയ്യാറാക്കിയ 'അക്ബർ' എന്ന മലയാളകൃതി.

1.(c) അർത്ഥം മുൻനിർത്തിക്കൊണ്ട് മറ്റൊരു ഭാഷയിലേക്ക് മാറ്റുന്നതാണ് വിവർത്തനം.

1.(d) 1881ൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ അഭിജ്ഞാന ശാകുന്തളം മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തതോടുകൂടി.

1.(e) ഒരു ഭാഷയിലെ പദങ്ങളും അർത്ഥവും ആശയവും മാത്രമല്ല, അന്തർഭാവങ്ങളും ചൈതന്യവും കൂടി മറ്റൊരു ഭാഷയിലേക്കു പകരുമ്പോൾ മാത്രമേ നല്ല തർജമ രൂപം കൊള്ളുകയുള്ളൂ.

1.(f) ഭാഷാശാസ്ത്രം, സാഹിത്യം, വൈജ്ഞാനിക മേഖലകൾ, സാങ്കേതിക വിദ്യ, ആശയവിനിമയം, ഭരണം, നയതന്ത്രം, വാണിജ്യം, മതം തുടങ്ങിയ മേഖലകളിൽ തർജമ അനിവാര്യമാണ്.

1.(g) വിവർത്തനം, പരിഭാഷ, ഭാഷാന്തരം, മൊഴിമാറ്റം, തർജമ എന്നീ പദങ്ങൾ ഉപയോഗിക്കാറുണ്ട്.

1.(h) അന്യഭാഷകളിലെ സാഹിത്യസമ്പത്തും പദാവലികളും പ്രയോഗരീതികളും സ്വായത്തമാക്കാൻ തർജമ ഉപകരിക്കുന്നു.

**2. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ഏഴ് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** [7x1=7]

2.(a) ഭാരതം ഒരു പരമാധികാര, സോഷ്യലിസ്റ്റ്, മതേതരത്വ ജനാധിപത്യ റിപ്പബ്ലിക്കാണെന്ന് ആമുഖത്തിൽ പ്രതിപാദിക്കുന്നു.

2.(b) കടം വാങ്ങലിന്റെ സഞ്ചയം

2.(c) നവംബർ 26

2.(d) ജനങ്ങൾക്ക് നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ ആമുഖം ഉറപ്പ് നൽകുന്നു.

2.(e) സ്ഥിതിസമത്വം (സോഷ്യലിസം), മതനിരപേക്ഷത (സെക്യുലറിസം)

2.(f) നിയമനിർമ്മാണാധികാരമുള്ള പാർലമെന്റ്, സ്വതന്ത്ര ജുഡീഷ്യറി, ഭരണ നിർവഹണത്തിനുള്ള എക്സിക്യൂട്ടീവ് എന്നിവ ചേർന്നുള്ള ത്രിമുഖ സംവിധാനമാണ് ഭരണഘടന വിഭാവനം ചെയ്യുന്നത്.

2.(g) സ്വാതന്ത്ര്യ സമരസേനാനികളുടെ ഭാവി ഭാരതത്തെക്കുറിച്ചുള്ള സ്വപ്നങ്ങളുടെ ആവിഷ്കാരമാണ് ഭരണഘടനയിലൂടെ പ്രതീക്ഷിക്കുന്നത്.

**ബി വിഭാഗം [Section : B]**

**3.(a) ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക. (5 മാർക്ക്)**

ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിച്ചാൽ മതിയാകും.

ആമുഖം : വിഷയത്തെക്കുറിച്ചുള്ള പൊതുവിവരം (1)

ഉള്ളടക്കം : വിഷയത്തിലുള്ള അറിവ്, ആശയം, ഭാഷ, അവതരണരീതി, അക്ഷരശുദ്ധി, ഖണ്ഡികാകരണം (3)

ഉപസംഹാരം : പ്രതിവിധി, നടപ്പിലാക്കേണ്ട കാര്യങ്ങൾ, ഭാവിയിൽ ഉണ്ടാകാവുന്ന മാറ്റങ്ങൾ (1)

**3.**(b) കത്ത് **(5 മാർക്ക്)**

പ്രേക്ഷകൻ

പേര്

സ്ഥാനപ്പേര്

വിദ്യാലയത്തിന്റെ പേര്

സ്ഥലം

ജില്ല

പിൻകോഡ്

സ്വീകർത്താവ് / ഗ്രാഹകൻ

സ്ഥാനപ്പേര്

വകുപ്പിന്റെ പേര്

സ്ഥലം

ജില്ല

പിൻകോഡ് 2 മാർക്ക്

അഭിസംബോധന, വിഷയം 1 മാർക്ക്

ഉള്ളടക്കം 3 മാർക്ക്

ഖണ്ഡിക തിരിച്ച് എഴുതുക

എന്ന്,

വിശ്വസ്തതയോടെ,

(ഒപ്പ്)

പേര്

എന്നിവ താഴെ വലതുവശത്ത് കൊടുക്കുക. തീയതി താഴെ ഇടതുവശത്ത് കൊടുക്കുക. തീയതി, സ്ഥലം എന്നിവ താഴെ ഇടതു വശത്തായി എഴുതുക.

**3.**(c) പത്രവാർത്ത (4 മാർക്ക്)

രൂപഘടന : (2 മാർക്ക്)

വാർത്തയുടെ അവതരണം : (2 മാർക്ക്)

ഉചിതവും ആകർഷകവും വാർത്തയോട് നീതി പുലർത്തുന്നതുമായ ശീർഷകം

വാർത്തയുടെ ഉറവിടം - സ്വന്തം ലേഖകൻ, പ്രത്യേക ലേഖകൻ എന്നിവ രേഖപ്പെടുത്തണം. സംഭവം നടന്ന സ്ഥലം

വാർത്തയുടെ വിവരണം ഖണ്ഡിക തിരിച്ച് എഴുതണം. പത്രവാർത്തയുടെ ഭാഷ ഋജുവും ലളിതവുമായിരിക്കണം. ആലങ്കാരികമോ സന്ദേഹം ജനിപ്പിക്കുന്നതോ ആകരുത്.

### സി വിഭാഗം [Section : C]

**4.(a) അംഗവാക്യം, അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക.**

(i) അംഗവാക്യം : യുദ്ധത്തിൽ വളരെ പരിക്കുകളേറ്റിട്ടുണ്ടെങ്കിലും കൗരവപ്പടയിൽ മരിക്കാതെ ശേഷിച്ചു (½ മാർക്ക്)

അംഗിവാക്യം : ആ മൂന്നുപേർ വിവരമറിഞ്ഞു പാഞ്ഞുവന്ന് ചോരയിലാണ്ടു കിടന്ന ദുര്യോധനനെ കണ്ടു. (½ മാർക്ക്)

(ii) അംഗവാക്യം : ചൊടിയുള്ള ഒരു വൃദ്ധയുടെ ജാഗ്രതയോടുകൂടി (½ മാർക്ക്)

അംഗിവാക്യം : മദാം മസ്ലോൻ ഒരു നിമിഷനേരം കൊണ്ട് ഈശ്വരവന്ദന മുറിയിലേക്കു പാഞ്ഞു. (½ മാർക്ക്)

(b) **വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.**

(i) അകത്തു കടക്കാൻ നോക്കുന്ന പൂച്ചയുടെ കളവുള്ളതും സ്വസ്ഥതയില്ലാത്തതുമായ സൗമ്യഭാവത്തോടുകൂടി അനങ്ങാതെ വിരൽത്തുമ്പു കൊണ്ടു പതുക്കെ അയാൾ വാതിലുന്തി.

OR

അകത്തു കടക്കാൻ നോക്കുന്ന പൂച്ചയുടെ കളവുള്ളതും അസ്വസ്ഥവുമായ സൗമ്യഭാവത്തോടുകൂടി അനങ്ങാതെ വിരൽത്തുമ്പു കൊണ്ടു പതുക്കെ അയാൾ വാതിലുന്തി. (1 മാർക്ക്)

(ii) അരാജകമായ അവസ്ഥയിൽ പോലും സത്യവും നീതിയും പുലർത്തുന്ന പത്രങ്ങളുടെ സാന്നിധ്യം സമൂഹത്തെ രക്ഷിക്കുന്നു എന്നാണ് അഭിപ്രായത്തിന്റെ സാരം. (1 മാർക്ക്)

OR

അരാജകമായ അവസ്ഥയിൽ പോലും നീതിയും നേരും പുലർത്തുന്ന പത്രങ്ങളുടെ സാന്നിധ്യം സമൂഹത്തെ രക്ഷിക്കുന്നു എന്നാണ് അഭിപ്രായത്തിന്റെ സാരം.

**4.(c) പ്രയോഗം മാറ്റുക**

(i) അർജ്ജുനൻ അവരെ കണ്ട ഉടനെ അസ്ത്രത്തെ സത്വരം പ്രതിസംഹരിച്ചു. (1 മാർക്ക്)

(ii) ഒരു വാക്കുകൊണ്ട് ഔസേപ്പിനാൽ അപേക്ഷ നിഷേധിക്കപ്പെട്ടു. (1 മാർക്ക്)

OR

ഔസേപ്പിനാൽ ഒരു വാക്കുകൊണ്ട് അപേക്ഷ നിഷേധിക്കപ്പെട്ടു.

**4.(d) വാക്യത്തിൽ പ്രയോഗിക്കുക**

(i) ലംഘിക്കുക - നിഷേധിക്കുക

(ii) കാതോർത്തു - ശ്രദ്ധയോടെ കേൾക്കുക

(iii) ആട്ടിയകറ്റുക - നിഷ്കരുണം പുറത്താക്കുക

ശൈലിയുടെ അർത്ഥം മനസ്സിലാക്കി ഉചിതമായ രീതിയിൽ വാക്യങ്ങൾ നിർമ്മിക്കുക.

**5. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.** [7x1=7]

5.(a) അമ്പ്, ഉപദ്രവം

5.(b) പ്രതിദിനം

5.(c) നിഃ+ശബ്ദം

5.(d) ആമ്രേഡിതം

5.(e) വെളുത്ത മണൽ

5.(f) (a) തവ

5.(g) (c) വീചി

5.(h) (c) ഭയം

5.(i) (a) ചപലൻ

5.(j) (b) തറ - നന്മ

**ഡി വിഭാഗം [Section : D]**

**6. തന്നിരിക്കുന്ന പന്ത്രണ്ട് ചോദ്യങ്ങളിൽ ഒമ്പതെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.** [7x1=7]

6.(a)(i) (a) ആദ്യം ദുശ്ശളയെക്കുറിച്ചോർത്തതിനാൽ

(ii) (b) കുട്ടികൃഷ്ണമാരാർ

6.(b)(i) (c) ലോകം ദഹിപ്പിക്കാൻ

(ii) (a) ദേഹം

6.(c)(i) (c) രാവിലെ 5 മണി

(ii) (d) ജയിലിൽ

6.(d)(i) (b) സംസാരനാശിനി

(ii) (a) വിവേകികൾ

6.(e)(i) (c) ചിരുത ആഹാരം അല്പം പോലും കഴിക്കാതിരുന്നതിനാൽ

(ii) (e) രണ്ടിടങ്ങഴി

6.(f) (i) (d) ആനന്ദം

(ii) (c) ഗ്രാമവൃക്ഷത്തിലെ വവ്വാൽ

6.(g)(i) (b) ജഫേഴ്സൺ

(ii) (a) പത്രങ്ങൾ സമൂഹത്തെ സംരക്ഷിക്കുന്നു

6.(h)(i) (d) വീണയെ

(ii) (b) വിട

6.(i) (i) (c) ഴാങ് വാൽ ഴാങ്

(ii) (c) ഭയം

6.(j) (i) (c) കോരൻ

(ii) (c) നെല്ല് ഉയർന്ന വിലയ്ക്ക് വിൽക്കൽ

6.(k)(i) (b) ഭാര്യ

(ii) (c) കുടുംബബന്ധങ്ങളിലെ ശൈഥില്യം

6.(l) (i) (c) സുകുമാർ അഴീക്കോട്

(ii) (d) നവയാത്രകൾ

**7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക** [3x3=9]

(ഖണ്ഡിക തിരിക്കാം. എല്ലാ ഉത്തരങ്ങൾക്കും ആമുഖം വേണം. എഴുത്തുകൾ, കൃതി, പാഠഭാഗം എന്നിവയെക്കുറിച്ച് സൂചിപ്പിക്കണം. പാഠപുസ്തകത്തിലെ ഉത്തരം വരുന്ന ഭാഗത്തിന് പ്രാധാന്യം നൽകിക്കൊണ്ടായിരിക്കണം ഉത്തരം എഴുതേണ്ടത്).

7.(a) ഉൽക്കടമായ വിവരങ്ങൾ പ്രകടിപ്പിക്കുമ്പോൾ അപൂർണ്ണമാകുന്ന ഭാഷ, വാചാലമാകുന്ന മൗനങ്ങൾ, ഉദാഹരണങ്ങൾ, കുട്ട്യസ്സൻ മാപ്പിളയുടെയും വെള്ളായിയപ്പന്റെയും സംഭാഷണം, നീലി മണ്ണാത്തിയുടെയും വെള്ളായിയുടെയും സംഭാഷണം, കണ്ടുണ്ണിയുടെയും വെള്ളായിയപ്പന്റെയും സംഭാഷണം, മൗനത്തിൽ നിറയുന്ന അലിവ്, സ്നേഹം, സാന്ത്വനം, കരുതൽ എന്നിവയുടെ ഭാവസാന്ദ്രമായ ആവിഷ്കാരം.

7.(b) മനുഷ്യചരിത്രത്തിൽ യുദ്ധം വരുത്തി വയ്ക്കുന്ന ഭീകര വിനാശത്തെ എടുത്തു കാണിക്കാൻ വേണ്ടി രചിക്കപ്പെട്ട കൃതിയായ മഹാഭാരതം - ഓരോ യുദ്ധവും തലമുറകളോളം പ്രത്യാഘാതങ്ങൾ ഏറ്റുവാങ്ങേണ്ടി വന്ന വൻ പരാജയങ്ങളാണെന്ന ചരിത്രത്തിന്റെ സാക്ഷ്യപ്പെടുത്തൽ, ലോകമഹായുദ്ധങ്ങൾ, ഓരോ യുദ്ധവും മനുഷ്യനും പ്രകൃതിക്കും ഏൽപ്പിക്കുന്ന ആഘാതങ്ങൾ, ഓരോ യുദ്ധവും പുതിയ യുദ്ധത്തിനു കാരണമാകുന്ന സാമൂഹികം.

7.(c) കുട്ടനാടൻ കർഷകൻ അനുഭവിക്കുന്ന ജീവിത യാതനകളുടെ നേർചിത്രം കോരൻ എന്ന കഥാപാത്രത്തിലൂടെ ആവിഷ്കരിക്കുന്നു - എല്ലുമുറിയെ പണിയെടുത്താലും പട്ടിണി മാത്രം അവശേഷിക്കുന്ന ജീവിതാവസ്ഥ - കൂലിയായി നെല്ല് കിട്ടാനില്ലാത്ത സാഹചര്യം - അടിച്ചമർത്തപ്പെട്ട തൊഴിലാളി വർഗം - അരി തേടി നടക്കേണ്ട നിസ്സഹായാവസ്ഥ - ദാരിദ്ര്യത്തിലും കോരനും ചിരുതയും പുലർത്തുന്ന സ്നേഹം.

7.(d) മെത്രാന്റെ മനസ്സിലെ നന്മയും വിശുദ്ധിയും പ്രകടമാക്കുന്ന വാക്കുകൾ - കള്ളനായ ഴാങ് വാൽ ഴാങിനെ രക്ഷിക്കാൻ മെത്രാൻ ചെയ്ത മഹാമനസ്കത - സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ മോഷണത്തിന്റെ പാത തെരഞ്ഞെടുത്ത ഴാങ് വാൽ ഴാങ് - അയാൾക്ക് ഒരു പുതിയ മനുഷ്യനാകാനുള്ള അവസരം നൽകുന്ന മെത്രാൻ - സത്യസന്ധതയും വിശ്വാസവും ജീവിതത്തിൽ എന്നും സമ്പാദ്യങ്ങളായി കരുതുക എന്ന മെത്രാന്റെ സന്ദേശം - മാനുഷിക മൂല്യങ്ങൾ നഷ്ടമാകുന്ന ആധുനിക സമൂഹം - സഹജീവികളോട് കരുണയും വിശ്വാസ്യതയും പുലർത്താൻ ഓരോ മനുഷ്യനും ശ്രമിക്കണം.

**8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക** [3x3=9]

8.(a) തനിമയാർന്ന സാംസ്കാരിക പൈതൃകമുള്ള കേരളത്തെക്കുറിച്ചുള്ള കവിയുടെ അഭിമാനബോധം - മലയാളിക്ക് ഗൃഹാതുരസ്മരണകളുണർത്തുന്ന ഓണാഘോഷം - കാർഷികോത്സവം - ആഘോഷങ്ങളോടുള്ള പുതിയ തലമുറയുടെ അവഗണന - പഴമയെ പുച്ഛിക്കുന്ന പുതുതലമുറ - കമ്പോള സംസ്കാരത്തിന്റെ കടന്നുകയറ്റം - നാടൻ പാട്ടുകളെയും സംസ്കാരത്തെയും ഉണർത്തുന്ന പുള്ളുവനായ കവി - കേരളിയ സംസ്കാരത്തോട് അങ്ങേയറ്റം കൂറ് പുലർത്തുന്ന കവി - തന്റെ അഭിമാനം പുതുതലമുറയ്ക്ക് ഉൾക്കൊള്ളാൻ പ്രയാസം.

8.(b) ഭാര്യയുടെ നിർബന്ധത്തിന് വഴങ്ങി വയോധികയും മരണാസന്നയുമായ അമ്മയെ ഉപേക്ഷിക്കാൻ ഇറങ്ങിത്തിരിച്ച മകൻ - അമ്മയും മകനും തമ്മിലുള്ള ഹൃദയ ബന്ധത്തിന്റെ ഓർമ്മകൾ - ഉപേക്ഷിക്കാൻ കഴിയാത്ത സാഹചര്യം - വാർദ്ധക്യം ശാപമായി മാറുന്ന സാമൂഹികാവസ്ഥ - ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് മാറ്റപ്പെടുന്ന അമ്മ - കുടുംബബന്ധങ്ങൾക്ക് സംഭവിക്കുന്ന മൂല്യച്യുതി - കടമകളിൽ നിന്നും കടപ്പാടുകളിൽ നിന്നും പുറംതിരിഞ്ഞു നടക്കുന്ന ആധുനിക സമൂഹത്തിന്റെ പ്രതീകമായ മകൻ.

8.(c) എഴുത്തച്ഛൻ കാലാതീതനായ കവി - ശ്രീരാമൻ ലക്ഷ്മണന് നൽകുന്ന ഉപദേശം - എഴുത്തച്ഛന്റെ തത്ത്വചിന്താപരമായ ഉപദേശങ്ങൾ - ലൗകികസുഖങ്ങൾക്ക് പിന്നാലെ പായുന്ന മനുഷ്യർ പാമ്പിന്റെ വായിൽ അകപ്പെട്ട തവളയ്ക്ക് സമാനമായ മനുഷ്യജന്മം - എഴുത്തച്ഛന്റെ ദീർഘവീക്ഷണം - ജീവിതമോക്ഷത്തിന് കാരണമാകുന്ന വിദ്യ - ആത്മജ്ഞാനം - ക്ഷണഭംഗുരമായ മർത്ത്യജന്മം - കുടുംബബന്ധങ്ങളിലെ നശ്വരത - ദേഹാഭിമാനം നിമിത്തമുണ്ടാകുന്ന ദോഷങ്ങൾ - ക്രോധം വരുത്തി വയ്ക്കുന്ന വിനകൾ

8.(d) അധികാരത്തിന്റെ ജനവിരുദ്ധതകൾക്കെതിരെ പോരാടാൻ കരുത്തു പകർന്ന കലയും സാഹിത്യവും - സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നിവരാൽ പ്രചോദിതമായ പുതുതലമുറയുടെ സർഗശേഷി - അസത്യത്തിനും അനീതിയ്ക്കുമെതിരെ പടവാളുയർത്തിയ സർഗാത്മക രചനകൾ - ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിന് ഉണർവ് പകർന്ന സാഹിത്യ രചനകൾ - നവോത്ഥാന നായകരാലും സാമൂഹ്യ പരിഷ്കർത്താക്കളാലും വീണ്ടെടുക്കപ്പെട്ട സർഗശക്തിയാകുന്ന കുതിര - മനുഷ്യ നന്മയുടെയും സാഹോദര്യത്തിന്റെയും ഗീതങ്ങൾ - വിപ്ലവപ്രസ്ഥാനങ്ങൾ - ശ്രീനാരായണഗുരുവിന്റെ നവോത്ഥാന ചിന്തകൾ.